ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ.ബി.1/21782/റ്റി.സി./2012

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി. 15.12.2016.

## സർക്കുലർ നമ്പർ. 30/2016

വിഷയം: **മോട്ടോർ വാഹന വകുപ്പ്** - വാഹനങ്ങളുടെ നികുതി ഒറ്റത്ത തീർപ്പാക്കൽ പദ്ധതി - നിർദ്ദേശങ്ങൾ - നൽകുന്നത് – സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 2/2015, 16/2015

2. സർക്കാരിന്റെ 21.11.2016-)o തീയതിയിലെ ജി.ഒ.(പി). നമ്പർ.62/2016/ഗതാഗതം നമ്പർ ഉത്തരവ്

അഞ്ച് വർഷമോ അതിൽ കൂടുതലോ കാലയളവിലേയ്ക്ക് നികുതി കുടിശ്ശിക ഉള്ളതായ എല്ലാ മോട്ടോർ വാഹനങ്ങളുടേയും കുടിശ്ശിക നികുതി ഒറ്റത്തവണയായി സ്വീകരിക്കുന്നതിന് സർക്കാർ സൂചന (2) പ്രകാരം ഉത്തരവായിരിക്കുകയാണ്. ഈ പദ്ധതി കഴിഞ്ഞ വർഷം നടപ്പിലാക്കിയത് വൻ വിജയമായതിന്റേയും, ആയിരക്കണക്കിന് വാഹനങ്ങളുടെ നികുതി കുടിശ്ശിക ലഭിച്ചതിന്റേയും അടിസ്ഥാനത്തിലാണ് സർക്കാർ വീണ്ടും ഈ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 5 വർഷത്തിലേറെ കുടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ വാഹനങ്ങളുടേയും കുടിശ്ശിക ഈ പദ്ധതി വഴി പിരിച്ചെടുക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയാണ്.

1. 30.06.2016-വരെ അഞ്ച് വർഷമോ അതിൽ കൂടുതലോ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് (അതായത് 01.07.2011-ന ശേഷമുള്ള കാലയളവിലേയ്ക്ക് നികുതി അടച്ചിട്ടില്ലായെങ്കിൽ) മാത്രമേ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. ഇവയിൽ ട്രാൻസ്പോർട്ടു വാഹനങ്ങൾക്ക് 5 വർഷത്തിൽ കൂടുതൽ എത്ര കുടിശ്ശികയുണ്ടെങ്കിലും അവസാനത്തെ 5 വർഷത്തെ (01.07.2011 മുതൽ 30.06.2016 വരെ) നികുതിയും അഡീഷണൽ ടാക്സും പലിശയും ഉൾപ്പെടെയുള്ള ആകെ തുകയുടെ 20 % മാത്രമേ നികുതിയായി ഈടാക്കുവാൻ പാടുള്ളൂ. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഇത് 30 % ആയിരിയ്ക്കും. എന്നാൽ ഒരു വാഹനം രജിസ്റ്റർ ചെയ്തശേഷം നികുതി ഒന്നും അടച്ചിട്ടില്ലായെങ്കിൽ ഈ സൗജന്യം അനുവദിയ്ക്കുവാൻ പാടുള്ളതല്ല.

2. 5 വർഷമോ അതിൽ കൂടുതലോ കാലം നികുതി കുടിശ്ശിക ഉണ്ടായിരുന്നതും എന്നാൽ റവന്യൂ റിക്കവറി വഴി 01-07-2011 ന് ശേഷമുള്ള കാലയളവിലേക്ക് (30.06.2016 ന് മുൻപ് വരെ) ഭാഗികമായോ

പൂർണ്ണമായോ കുടിശ്ശിക ഈടാക്കിയിട്ടുള്ളതുമായ വാഹനങ്ങൾക്ക് 30.06.2016 വരെയുള്ള ബാക്കി വരുന്ന കാലഘട്ടത്തിലേക്ക് നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കാവുന്നതാണ്. ഇത്തരം വാഹനങ്ങൾക്ക് അവസാനത്തെ 5 വർഷത്തെ നികുതി കണക്കാക്കിയ ശേഷം 01-07.2011 മുതലുള്ള കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി വഴി ഈടാക്കിയ തുക കുറച്ച് ബാക്കി വരുന്ന തുകയുടെ 20% (നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 30 %) ആണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കേണ്ടത്. എന്നാൽ 01-07.2011-ന് മുൻപുള്ള കാലയളവിലേക്ക് റവന്യൂ റിക്കവറി വഴി നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അവസാനത്തെ 5 വർഷത്തെ നികുതി നിർണ്ണയിക്കുമ്പോൾ കണക്കിലെടുക്കുവാൻ പാടില്ല

3. ജി ഫോം വഴിയോ അല്ലാതെയോ അവസാനത്തെ 5 വർഷത്തിനുള്ളിൽ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, പ്രസ്തുത വാഹനങ്ങൾക്ക് 30.06.2016 വരെ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കേണ്ടതാണ്. (വിശദീകരണം: ഒരു വാഹനത്തിന് അവസാനത്തെ അഞ്ചു വർഷ കാലയളവിൽ നികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ കുറഞ്ഞ നിരക്കിൽ ( idle/NTV rate ഉൾപ്പെടെ ) നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവിലേയ്ക്ക് ടി വാഹനത്തിന് അഞ്ചു വർഷത്തിനു മുമ്പ് ഉണ്ടായിരുന്ന യഥാർത്ഥ കുടിശ്ശിക (കുടിശ്ശിക ഉണ്ടെങ്കിൽ മാത്രം) ചേർക്കേണ്ടതാണ്. അതായത് ഒരു സ്റ്റേജ് കാര്യേജിന് 01.01.2013 മുതൽ 31.03.2013 (1 ക്വാർട്ടർ) വരെ idle rate (NTV rate)- ൽ നികുതി കുടിശ്ശിക ഉണ്ട്. എന്നാൽ ടി വാഹനത്തിന് 01.07.2011 —ന് മുമ്പ് 3 ക്വാർട്ടർ സ്റ്റേജ് കാര്യേജ് റേറ്റിൽ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതിലെ ഒരു ക്വാർട്ടർ സ്റ്റേജ് കാര്യേജ് റേറ്റിലുള്ള കുടിശ്ശിക idle rate-ന്റെ സ്ഥാനത്ത് (01.01.2013 മുതൽ 31.03.2013 വരെ) ഉൾപ്പെടുത്തി വേണം അഞ്ചു വർഷത്തെ നികുതി കുടിശ്ശിക കണക്കാക്കേണ്ടത്. എന്നാൽ, ടി വാഹനത്തിന് 01.07.2011-ന് മുമ്പ് കുടിശ്ശിക നികുതി ഇല്ലായെങ്കിൽ ഇത് പരിഗണിയ്ക്കേണ്ടതില്ല. അതുപോലെതന്നെ ഒരു കോൺട്രാക്ട് കാര്യേജിന് 01.07.2013 മുതൽ 31.12.2013 —വരെ നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ, ഇതേ വാഹനത്തിന് 01.07.2011-ൻ മുമ്പ് ഒരു ക്വാർട്ടർ മാത്രം നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആ ഒരു ക്വാർട്ടർ നികുതി 01.07.2013 മുതൽ 31.12.2013 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തി വേണം അവസാന അഞ്ചു വർഷത്തെ നികുതി കുടിശ്ശിക നിർണ്ണയിയ്ക്കേണ്ടത്). എന്നാൽ, 01.07.2011-ന് മുമ്പ് 2 ക്വാർട്ടറോ അതിൽ കൂടുതലോ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ടി 2 ക്വാർട്ടർ നികുതി മാത്രം 01.07.2013 മുതൽ 31.12.2013 വരെ കാലയളവിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 30.06.2016 വരെയുള്ള കുടിശ്ശിക നികുതിയാണ് സ്വീകരിക്കേണ്ടത്. ഈ നികുതി സ്വീകരിക്കുന്നതിന് ആർ.സി. ബുക്ക്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, വെൽഫയർ ഫണ്ട് അടച്ച രസീത് എന്നിവ സമർപ്പിക്കേണ്ടതില്ല. വാഹന ഉടമയോ അയാൾ അധികാരപ്പെടുത്തിയ വ്യക്തിയോ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടക്കുന്നതിന് സമീപിച്ചാൽ ടാക്സ് സ്വീകരിക്കേണ്ടതും രസീത് നൽകേണ്ടതുമാണ്. അതുപോലെതന്നെ വാഹനത്തെ സംബന്ധിച്ച് വാഹന ഉടമയ്ക്ക് യാതൊരു വിധ വിവരവും (whereabouts of the vehicle) ഇല്ലെങ്കിലോ, വാഹനം മോഷണം പോയെങ്കിലോ, വാഹനം പൊളിച്ച കളഞ്ഞുവെങ്കിലോ (Dismantled) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 30.06.2016 വരെ നികുതി കുടിശ്ശിക അടച്ച ശേഷം 100/- രൂപയുടെ മുദ്ര പത്രത്തിൽ Annexure B പ്രകാരമുള്ള ഒരു സത്യവാങ്മൂലം സമർപ്പിക്കുകയാണെങ്കിൽ 01.07.2016 മുതൽ ടി വാഹനത്തിനുണ്ടാകാവുന്ന നികുതി ബാധ്യതകൾ ഒഴിവാക്കുന്നതാണ്. എന്നാൽ, ഭാവിയിൽ ഈ വാഹനം സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽ പെട്ടാൽ ഈ വാഹനത്തിന് 01.07.2016 മുതലുള്ള നികുതി അടക്കേണ്ടതായിരിക്കും.

5. വാഹനത്തിന് ചെക്ക് റിപ്പോർട്ട്, സെയിൽ ഇന്റിമേഷൻ തുടങ്ങിയ ഒബ്ജക്ഷൻ ഉണ്ടെങ്കിൽ പോലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടക്കുന്നതിന് തടസ്സം ഉന്നയിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചെക്ക് റിപ്പോർട്ട്/ സെയിൽ ഇന്റിമേഷൻ തുടങ്ങിയവയിൽ തീർപ്പ് കൽപ്പിച്ചതിനുശേഷം മാത്രമേ ഡിമാന്റ് സ്റ്റോപ്പ് ചെയ്യുവാൻ പാടുള്ളൂ

6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി എല്ലാ ഓഫീസുകളിലും വ്യക്തമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. അഞ്ചു വർഷത്തിൽ കൂടുതൽ കുടിശ്ശിക ഉള്ളതായ എല്ലാ വാഹനങ്ങൾക്കും 'സ്മാർട്ട് മൂവ് '- ലെ 'One Time Settlement ' എന്ന ഓപ്ഷനിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് (Annexure A) അയക്കേണ്ടതും പകർപ്പ് സർക്കിൾ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. സർക്കിൾ ഓഫീസർമാർ തങ്ങൾക്ക് ലഭിച്ച ഡിമാന്റ് നോട്ടീസ് 7 ദിവസത്തിനകം വാഹന ഉടമകളെ കണ്ടെത്തി നൽകേണ്ടതും കൈപറ്റ രസീത് സെക്ഷന് നൽകേണ്ടതുമാണ്. ഓരോ ഓഫീസിലേയും DCB രജിസ്റ്ററിൽ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം വന്നതിനു ശേഷം ടാക്സ് അടക്കുന്നതിനോ മറ്റേതെങ്കിലും സേവനത്തിനോ ഓഫീസിൽ സമീപിച്ച വാഹനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഓഫീസ് കമ്പ്യൂട്ടർ വൽക്കരണത്തിന് ശേഷം വാഹന ഉടമ ഓഫീസിൽ ഒരു സേവനത്തിനും സമീപിച്ചിട്ടില്ലെങ്കിൽ ഈ

വാഹനത്തിന്റെ നികുതി കുടിശ്ശിഖ DCB സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരുന്നില്ല (Tax never paid) ഈ വാഹനങ്ങൾക്കാണ് കൂടുതലായി ഡിമാന്റ് നോട്ടീസ് അയയ്ക്കേണ്ടത്. ഈ ഡിമാന്റ് നോട്ടീസ് കമ്പ്യൂട്ടറിൽ നിന്നു തന്നെ ലഭ്യമാണ്.

7. One Time Settlement വഴി നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള അവസാന കാലാവധി 31.03.2017 ആണ്. ആയതിനാൽ ഇന്നുമുതൽ 31.03.2017 വരെയുള്ള കാലയളവിൽ ഒന്നിടവിട്ടുള്ള ബുധനാഴ്ചകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലർക്ക്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഹെഡ് ക്ലർക്ക്,സീനിയർ സൂപ്രണ്ട്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരും One Time Settlement നെ സംബന്ധിച്ച് അവലോകനം നടത്തേണ്ടതും താഴെ പറയുന്ന ഫോർമാറ്റിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

*Name of Office . . . . . . . . . .* *Date. . . . . .*

| *Sl.No.* | *No. of D/N issued* | *No. of D/N served through Circle Officer* | *No. of vehicle for which arrear taxremitted through OTS* | *Amount of actual arrear of the vehicle specified in item (D)* | *Amount of arrears collect ed through OTS* | *Remarks* |
|---|---|---|---|---|---|---|
| *(A)* | *(B)* | *(C)* | *(D)* | *(E)* | | |

8. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ടുമാർ എല്ലാ രണ്ടാഴ്ചയിലൊരിക്കലും അവരുടെ കീഴിലുള്ള സബ് ഓഫീസുകൾ പരിശോധിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. അതുപോലെ തന്നെ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസിലെ സീനിയർ സൂപ്രണ്ടുമാരും രണ്ടാഴ്ചയിലൊരിക്കൽ അവരുടെ കീഴിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ പരിശോധിക്കേണ്ടതും One Time Settlement ന്റെ പ്രോഗ്രസിനെ സംബന്ധിച്ച് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്. മാസാമാസം നടക്കുന്ന DTC കോൺഫറൻസുകളിൽ One Time Settlement ഒരു പ്രധാന അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

9. വർഷങ്ങളായി കുടിശ്ശിഖ കിടക്കുന്നതും എന്നാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ സാധികാത്തതുമായ വാഹനങ്ങളെ ഡിമാന്റിൽ നിന്നും പൂർണമായി ഒഴിവാക്കുന്നതിന് സഹായിക്കുന്ന സുവർണാവസരം ആണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള One Time Settlement. ആയതിനാൽ 31.03.2017-നുള്ളിൽ പരമാവധി വാഹനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി മോട്ടോർ വാഹന വകുപ്പിന്റെ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിഖയിൽ ഗണ്യമായ കുറവ് വരുത്താനാവശ്യമായ ഊർജ്ജിതമായ നടപടികൾ എല്ലാ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. മാത്രമല്ല One Time Settlement നെ സംബന്ധിച്ച് ദിനപത്രങ്ങൾവഴിയും ദൃശ്യമാധ്യമങ്ങൾ വഴിയും പബ്ലിസിറ്റി നൽകേണ്ടതും എല്ലാ ഓഫീസുകളിലും നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ (ചെക്ക്പോസ്റ്റ് )

അംഗീകാരത്തോടെ,

16.12.2016.

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

ജെ.എസ്. 16/12

മോട്ടോർ വാഹന വകുപ്പ്, കേരള

## Annexure A

## Demand Notice

താങ്കളുടെ ഉടമസ്ഥതയിലുള്ള ....................... (വാഹനത്തിന്റെ നമ്പരും, ക്ലാസും) എന്ന വാഹനത്തിന് മോട്ടോർ വാഹന വകുപ്പിന്റെ രേഖകൾ പ്രകാരം അധിക നികുതിയും പലിശയും ഉൾപ്പെടെ ............ തുക (വാഹനത്തിന്റെ യഥാർത്ഥ കുടിശ്ശിഖ ഇവിടെ ഉൾപ്പെടുത്തണം. അവസാനം നികുതി അടച്ച വിശദാംശങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമല്ലായെങ്കിൽ ഓഫീസ് കമ്പ്യൂട്ടർവൽകരിച്ച ദിവസം മുതലുള്ള നികുതി കുടിശ്ശിഖ ചേർക്കേണ്ടതാണ്.) 30.06.2016 വരെ നികുതി കുടിശ്ശിഖ ഉള്ളതായി കാണുന്നു. പ്രസ്തുത നികുതി കുടിശ്ശിഖ ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം അടച്ചിട്ടില്ലായെങ്കിൽ ഇനി ഒരറിയിപ്പില്ലാതെ തന്നെ താങ്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്.

ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.

സ്ഥലം,

തീയതി,

സ്വീകർത്താവ്

ശ്രീ/ശ്രീമതി....................................

<u>പകർപ്പ്:-</u>

സർക്കിൾ ഓഫീസർ . . . . . . . . . . . . . . . . . . . . . . .സെക്ഷൻ ഈ നോട്ടീസ് വാഹന ഉടമയ്ക്ക് നൽകേണ്ടതും കൈപ്പറ്റൽ രസീത് 7 ദിവസത്തിനകം സെക്ഷനിൽ എത്തിക്കേണ്ടതുമാണ്.

**കുറിപ്പ്:-** 5 വർഷത്തിൽ കൂടുതൽ നികുതി കുടിശ്ശിഖ വരുത്തിയിട്ടുള്ള വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി അടയ്ക്കുന്നതിന് സർക്കാർ ഇപ്പോൾ " ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി " ആവിഷ്കരിച്ചിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം താങ്കളുടെ വാഹനത്തിന് വെറും ....................... രൂപ ( വാഹനത്തിന്റെ 01.07.2011 മുതൽ 30.06.2016 വരെയുള്ള അഡീഷണൽ ടാക്സും പലിശയും ഉൾപ്പെടെയുള്ള നികുതിയുടെ 20 % ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 30 % നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും) മാത്രം കുടിശ്ശിഖ നികുതിയായി അടയ്ക്കുകയാണെങ്കിൽ താങ്കളുടെ വാഹനത്തിന്റെ 30.06.2016 വരെയുള്ള കുടിശ്ശിഖ ഒഴിവാക്കി നൽകുന്നതാണ്. മാത്രമല്ല താങ്കളുടെ വാഹനം പൊട്ടിപ്പൊളിഞ്ഞു പോകുകയോ പൊളിച്ചു കളയുകയോ ചെയ്തിട്ടുണ്ടെങ്കിലോ ടി വാഹനത്തെ സംബന്ധിച്ച് താങ്കൾക്ക് യാതൊരു അറിവും ഇല്ലായെങ്കിലോ ( whereabouts ) ഇതോടൊപ്പം

ഉൾക്കൊള്ളിച്ചിരിയ്ക്കുന്ന സത്യവാങ്മൂലം സമർപ്പിയ്ക്കുകയാണെങ്കിൽ (100 രൂപ പത്രത്തിൽ) ഈ വാഹനത്തിൽ നിന്നും ഭാവിയിൽ ഉണ്ടാകാവുന്ന നികുതി ബാധ്യത ഒഴിവാക്കി തരുന്നതാണ്. എന്നാൽ ഈ വാഹനം ഓടുന്നതായി ശ്രദ്ധയിൽപെട്ടാൽ 01.07.2016 മുതലുള്ള നികുതിയും പിഴയും പലിശയും ഉൾപ്പെടെയുള്ള തുക താങ്കളിൽനിന്നോ വാഹനം കൈവശം വച്ചിരിയ്ക്കുന്ന വ്യക്തിയിൽ നിന്നോ ഈടാക്കുന്നതാണ്. ഭാവിയിലുള്ള നികുതി കുടിശ്ശിഖ ഒഴിവാക്കി കിട്ടുന്നതിന് മാത്രമേ ഈ സത്യവാങ്മൂലം ബാധകമാവുകയുള്ളൂ.

## <u>Annexure B</u>

## <u>സത്യവാങ്മൂലം</u>

........................ ജില്ലയിൽ . . . . . . .. . . . . . .താലൂക്കിൽ . . . . . . . ..വീട്ടിൽ താമസം . . . . . . . . . .മകൻ . . . . . . . . . ..വയസ്സ് . . .. . .. . . . . .രജിസ്റ്ററിംഗ് അതോറിറ്റി/ടാക്സേഷൻ ഓഫീസർ മുമ്പാകെ . . . . . . . . . -)0 മാണ്ട് . . . . . .തീയതി തയ്യാറാക്കി നൽകുന്ന സത്യവാങ്മൂലം.

എന്റെ ഉടമസ്ഥതയിലും/കൈവശത്തിലും/ഉപയോഗത്തിലിരുന്നതുമായ . . . . . . . . . . . . . . . /നിർമ്മിതവും .. . . . . . . . . . . . . . .രജിസ്റ്റർ നമ്പറിലുള്ളതുമായ (തരവും, കമ്പനിയും) വാഹനത്തിന് 30.06.2016 കാലയളവുവരെ സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിഖ അടച്ചു തീർത്തിരുന്നു. താഴെപറയുന്ന കാരണങ്ങളാൽ ടി വാഹനത്തിന്റെ തുടർന്നുള്ള നികുതി ബാധ്യതയിൽ നിന്ന് എന്റെ മേലും, എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൻമേൽ നിന്നും ഒഴിവാക്കി തരുമാറാകണമെന്ന് അപേക്ഷിയ്ക്കുന്നു.

**( ബാധകമായത് മാത്രം വിശദമായി രേഖപ്പെടുത്തുക)**

1. വാഹനം തുടർ ഉപയോഗത്തിന് കഴിയാത്തവിധത്തിൽ ഉപയോഗ ശൂന്യമായതിനാൽ . .. . . . . . . . . . . .. . . . . . . . . . . . . . .. .

2. വാഹനം പൂർണ്ണമായു, നശിച്ചുപോകുകയും അവശിഷ്ടങ്ങൾ പൊളിച്ചു വിറ്റുകളഞ്ഞതിനാൽ . . . . . . . . . . . . . . . . . . . . . ..

3. വാഹനം മറ്റൊരു വ്യക്തിയ്ക്ക് വിൽക്കുകയും പിന്നീട് ടിയാനെക്കുറിച്ചോ, വാഹനത്തെക്കുറിച്ചോ അന്വേഷിച്ചതിൽ വ്യക്തമായ അറിവും, സൂചനകളും ലഭ്യമല്ലാത്തതിനാലും വാഹനം നിലവിൽ ഇല്ലാ എന്ന് വിശ്വസിയ്ക്കുന്നതിനാലും . . .. . . . . . . . . . . . . . . . .

4. വാഹനം . . . . . . . . . . . . . തീയതി . . . . . . . . . . . ..സ്ഥലത്തു നിന്നും മോഷണം പോയതിനാൽ. ടി വാഹനത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചിട്ടും കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ ...................................... .

മേൽ വിവരിച്ച കാര്യങ്ങൾ പൂർണ്ണമായും സത്യമാണെന്നും ആയതിന് വിരുദ്ധമായോ അസത്യമായോ എന്തെങ്കിലും കണ്ടുപിടിക്കപ്പെടുകയോ, തെളിയിക്കപ്പെടുകയോ ചെയ്താൽ, സർക്കാരിനും, മോട്ടോർ വാഹന വകുപ്പിനും ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും സാമ്പത്തിക ബാദ്ധ്യതകൾക്കും ഞാനും, എന്റെ അനന്തരാവകാശികളും, സ്ഥാപര ജംഗമ വസ്തുക്കളും ഉത്തരവാദികളായിരിക്കുമെന്നും ഞാൻ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ സത്യവാങ്മൂലം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ഉത്തമബോധത്തോടും, വിശ്വാസത്തോടുമാണെന്നും, മറ്റാരുടേയും പ്രേരണയാലോ ഏതെങ്കിലും നടപടികളിൽ നിന്നും താൽക്കാലികമായി ഒഴിവായി കിട്ടുന്നതിനും വേണ്ടിയല്ലെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

എന്ന്

സാക്ഷികൾ

1.

(ഒപ്പ്)

പേര്,

മേൽ വിലാസം.

ജെ.എസ്.